ത്തിയിട്ടുണ്ട്. കൂടാതെ സൂപ്പർവൈസർമാരുടെ മൊത്തം ഒഴിവിന്റെ 25% അംഗൻവാടി വർക്കർമാർക്കായി നീക്കിവച്ചിട്ടുണ്ട്. വിദ്യാഭ്യാസയോഗ്യത സ്വീകരിക്കാനാഗ്രഹിക്കുന്നവർക്ക്. മൂന്ന് വർഷംവരെ അവധിയും അനുവദിക്കുന്നുണ്ട്. അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയത്തിൽ 100 രൂപയുടെ വർദ്ധനവ് അനുവദിക്കുന്നതിനുള്ള നടപടികളുംസ്വീകരിച്ചുവരുന്നു.

(ഇ) നടപടികൾ സ്വീകരിച്ചു വരുന്നു.

12 (*132) തെരുവ് ശിശുക്കളെ പുനരധിവസിപ്പിക്കുവാൻ പദ്ധതി

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ തെരുവ് ശിശുക്കളെ പുനരധിവസിപ്പിക്കാനും അവർക്ക് പാർപ്പിടവും ഔപചാരിക വിദ്യാഭ്യാസവും നൽകാനുമുള്ള പദ്ധതി ആവിഷ്കൃതമായിട്ടുണ്ടോ;

(ബി) ശിശുക്കളെ ഉപയോഗിച്ച് യാചകവൃത്തി നടത്തി ശിശുക്കളുടെ ഭാവി ഹനിക്കുന്നവരിൽനിന്നും അവരെ മോചിപ്പിച്ച് ക്ഷേമ സമിതിയെ ഏൽപ്പിക്കുവാൻ സാമൂഹ്യക്ഷേമവകുപ്പ് ആഭ്യന്തരവകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി സുശീലാ ഗോപാലൻ)</u> :

(എ)&(ബി) കേരളത്തിലെ തെരുവുകളിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന കുട്ടികൾക്കുവേണ്ടി ആലപ്പുഴയിലും കോഴിക്കോടും ബാലസദനങ്ങളും ബാലനീതി നിയമം പ്രകാരം പ്രവർത്തിക്കുന്ന 6 ജുവനൈൽ ഹോമുകളും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ കുട്ടികളുടെ പുനരധിവാസം വിദ്യാഭ്യാസം തൊഴിൽ പരിശീലനം എന്നിവയ്ക്കുവേണ്ട സൗകര്യങ്ങൾ നൽകിവരുന്നു. 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കുവേണ്ടി ഫൗണ്ടലിംഗ് ഹോമുകൾ പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമേ സർക്കാരിന്റെ സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ യാചക ഭവനങ്ങൾ പ്രവർത്തിക്കുന്നു. ഇവയ്ക്ക് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുണ്ട്. ഇതു കൂടാതെ തെരുവു കുട്ടികളുടെ പുനരധിവാസത്തിനും തൊഴിൽ പരിശീലനത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ ഒരു സംയോജിത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇവർക്ക് നൈറ്റ് ഷെൽട്ടർ, ഔപചാരിക വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം പോഷകാഹാരം, വിനോദ പരിപാടികൾ മുതലായ കാര്യങ്ങൾ സന്നദ്ധസംഘടനകൾ മുഖാന്തിരം നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു. യാചക വൃത്തി നടത്തി വരുന്ന തെരുവ് ശിശുക്കളെ മോചിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള ഈ പദ്ധതികളെല്ലാം ആഭ്യന്തരവകുപ്പുമായി സഹകരിച്ചാണ് നടപ്പിലാക്കി വരുന്നുത്. കൂടാതെ അധികാരവികേന്ദ്രീകരണത്തിനുശേഷം തെരുവു കുട്ടികളുടെ സംരക്ഷണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly